# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: അവധി, സ്ഥാനക്കയറ്റം, സ്ഥലം മാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ1 സെക്ഷൻ

നം. 6363/എ1/2/2018/ഭരണവിഭാഗം                                   തീയതി, പ്രിയദർശിനി ഹിൽസ്, 01.09.2018

---

സൂചന:- (1) സർവ്വകലാശാല ഉത്തരവ് നമ്പർ 6315/എ1/2/2018/ഭരണവിഭാഗം തീയതി 30.08.2018.
(2) 30.08.2018-ലെ ശ്രീ. ജയകുമാർ പി.ആർ., അസിസ്റ്റന്റ് രജിസ്ട്രാർ-XVIII (പരീക്ഷാ വിഭാഗം)-ന്റെ അവധിയ്ക്കുള്ള അപേക്ഷ.
(3) സർവ്വകലാശാല ഉത്തരവ് നമ്പർ 6361/എ1/2/2018/ഭരണവിഭാഗം തീയതി 01.09.2018.
(4) ജി.ഒ.(പി) നമ്പർ 42/2010/പി & എ.ആർ.ഡി. തീയതി 20.12.2010.
(5) സർവ്വകലാശാല ഉത്തരവ് നം. 5827/ എ III/1/2018/ഭരണവിഭാഗം തീയതി 28.07.2018.

## <u>ഉത്തരവ്</u>

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്-ലെ ഡെപ്യൂട്ടി രജിസ്ട്രാറായ ശ്രീ. ഷറഫുദ്ദീൻ കെ., ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും, വഖഫ് & ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി അന്യത്ര സേവനവ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സർവ്വകലാശാല സർവ്വീസിൽ നിന്നും സൂചന (1) പ്രകാരം വിടുതൽ ചെയ്തിട്ടുണ്ട്.

ശ്രീ. ജയകുമാർ പി.ആർ., അസിസ്റ്റന്റ് രജിസ്ട്രാർ-XVIII (പരീക്ഷാ വിഭാഗം) 31.08.2018 മുതൽ 37 ദിവസത്തെ പരിവർത്തിതാവധിയ്ക്ക് സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച് താഴെ പ്രതിപാദിച്ചിരിക്കുന്ന സ്ഥാനക്കയറ്റം സർവ്വകലാശാല യിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് നിയമനവും സ്ഥലം മാറ്റവും നൽകിക്കൊണ്ട് രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | പേര്/ തസ്തിക/ സെക്ഷൻ | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമനം |
|---|---|---|---|---|
| 1. | ശ്രീ. സാബു എസ്. ജോസഫ് ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ - IX (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 77,400-1,15,200/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ഷറഫുദ്ദീൻ കെ., ഡെപ്യൂട്ടി രജിസ്ട്രാർ അന്യത്രസേവനത്തിൽ പ്രവേശിച്ചതുമൂലമുണ്ടായ തസ്തിക ഒഴിവ്. | ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്-ൽ ശ്രീ. ഷറഫുദ്ദീൻ കെ., അന്യത്രസേവനത്തിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ നിയമിച്ചിരിക്കുന്നു. |
| 2. | ശ്രീ. മധുകുമാർ എം. അസിസ്റ്റന്റ് രജിസ്ട്രാർ - XIX (പരീക്ഷാ വിഭാഗം) | ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 68,700-1,10,400/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സാബു എസ്. ജോസഫ്, ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | |
|---|---|---|---|---|
| 3. | ശ്രീ. സ്കറിയ പി.റ്റി.<br>ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ<br>EJ II സെക്ഷൻ | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 45,800 – 89,000/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. മധുകുമാർ എം., അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടാ യ തസ്തിക ഒഴിവ്. | പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ IX ആയി, ശ്രീ. സാബു എസ്. ജോസഫ്-ന് സ്ഥാനക്കയറ്റം ലഭിച്ച തിനെത്തുടർന്നു ണ്ടായ ഒഴിവിൽ നിയമിച്ചിരിക്കുന്നു. |
| 4. | ശ്രീ. സന്തോഷ് എൻ<br>സെക്ഷൻ ഓഫീസർ<br>(ഫിനാൻസ് ഓഫീസറുടെ പി.എ.) | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാ ലികമായി സ്ഥാനക്കയറ്റം നൽകി<br>രൂപ 40,500 – 85,000/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സ്കറിയ പി.റ്റി., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാന ക്കയറ്റം ലഭിച്ചതിനെത്തു ടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 5. | ശ്രീമതി. ജയശ്രീ ഗോപിനാഥൻ<br>അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ<br>EN I സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 36,600 – 79,200/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സന്തോഷ് എൻ., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തു ടർന്നുണ്ടായ തസ്തിക ഒഴിവ് | EJ II സെക്ഷനിൽ, ശ്രീ. സ്കറിയ പി. റ്റി.-ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നു ണ്ടായ ഒഴിവിൽ നിയമിച്ചിരിക്കുന്നു. |
| 6. | ശ്രീ. സോമരാജൻ എം.എം.<br>ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ<br>EN II സെക്ഷൻ | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 45,800 – 89,000/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജയകുമാർ പി.ആർ., അസിസ്റ്റന്റ് രജിസ്ട്രാർ അവധിയിൽ പ്രവേശിച്ച തിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ XIII (PR) ആയി, ശ്രീ. ശശിധരൻ ഉണ്ണിത്താൻ എൻ.-നെ സ്ഥലം മാറ്റിയതിനെ ത്തുടർന്നുണ്ടായ ഒഴിവിൽ നിയമിച്ചിരിക്കുന്നു. |
| 7. | ശ്രീ. ഗോപാലകൃഷ്ണൻ എം.എൻ.<br>സെക്ഷൻ ഓഫീസർ<br>DSS സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാ ലികമായി സ്ഥാനക്കയറ്റം നൽകി<br>രൂപ 40,500 – 85,000/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സോമരാജൻ എം.എം., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതി നെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 8. | ശ്രീ. ഗോപകുമാർ സി.<br>അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ<br>Ad. AI സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 36,600 – 79,200/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ഗോപാലകൃഷ്ണൻ എം.എൻ., സെക്ഷൻ ഓഫീസർക്ക് സ്ഥാന ക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | EB XI സെക്ഷനിൽ, ശ്രീ. മുഹമ്മദ് നാസർ എം.-നെ സ്ഥലം മാറ്റിയതിനെ ത്തുടർന്നുണ്ടായ ഒഴിവിൽ നിയമിച്ചിരിക്കുന്നു. |
| 9. | വൈസ് ചാൻസിലറുടെ പി.എസ്. ആയ ശ്രീ. വിജയകുമാർ. ജി.-യെ തസ്തികയോടെ സ്ഥലം മാറ്റി താൽക്കാലിക മായി ഐ.ക്യൂ.എ.സി., പി. & ഡി. ഇവയുടെ ചുമതലയുള്ള ജോയിന്റ് രജിസ്ട്രാർ ആയി നിയമിച്ചിരിക്കുന്നു.<br>വൈസ് ചാൻസിലറുടെ ഫയലുകളും മറ്റ് രേഖകളും കൈമാറാൻ, സ്ഥാനമൊഴിയുന്ന വൈസ് ചാൻസിലറുടെ പി.എസ്.-ന് അഞ്ച് ദിവസം അനുവദിച്ചിരിക്കുന്നു. | | | |
| 10. | ശ്രീ. നൗഷാർ കെ.ജെ., ഡെപ്യൂട്ടി രജിസ്ട്രാർ & പി.എസ്. ടു പി.വി.സി.-യെ സ്ഥലം മാറ്റി പി.എസ്. ടു വി.സി. ആയി നിയമിച്ചിരിക്കുന്നു. | | | |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | |
|---|---|
| 11. | എ.പി.എസ്. ടു വി.സി. ആയ ശ്രീ. വിജയതിലകൻ വി.-യെ, ശ്രീ. ജയകുമാർ പി.ആർ., അസിസ്റ്റന്റ് രജിസ്ട്രാർ അവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ, പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ XVIII ആയി നിയമിച്ചിരിക്കുന്നു. |
| 12. | പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ XIII (PR) ആയ ശ്രീ. ശശിധരൻ ഉണ്ണിത്താൻ എൻ.-നെ, ശ്രീ. വിജയതിലകൻ വി.-യെ സ്ഥലം മാറ്റി നിയമിച്ചതിനെത്തുടർന്നുണ്ടായ ഒഴി, എ.പി.എസ്. ടു വി.സി. ആയി നിയമിച്ചിരിക്കുന്നു. |
| 13. | ശ്രീ. ശ്രീകുമാർ ഡി., അസിസ്റ്റന്റ് രജിസ്ട്രാർ & പി.എസ്. ടു പി.വി.സി.-യെ തസ്തികയോടെ സ്ഥലം മാറ്റി എ.പി.എസ്. ടു വി.സി. ആയി നിയമിച്ചിരിക്കുന്നു. |
| 14. | വൈസ് ചാൻസിലറുടെ ഓഫീസിലെ സെക്ഷൻ ഓഫീസറായ ശ്രീ. പ്രകാശ് ഡി.-യെ, ശ്രീ. സോമരാജൻ എം.എം.-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ, EN II സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 15. | സൂചന (3) പ്രകാരം വിവരാവകാശനിയമം 2005 പ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റിയായി രജിസ്ട്രാറെ നിയമിച്ചിട്ടുണ്ട്. പ്രൊ-വൈസ് ചാൻസിലറുടെ ഓഫീസിലെ സെക്ഷൻ ഓഫീസറായ ശ്രീ. സതീഷ്കുമാർ ജെ.-യെ, റൈറ്റ് ടു ഇൻഫർമേഷൻ സംബന്ധിച്ച ജോലികളുടെ നടത്തിപ്പിനായി അപ്പലേറ്റ് അതോറിറ്റിയുടെ ഓഫീസിൽ നിലനിർത്തുന്നു. |
| 16. | EB XI സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ. മുഹമ്മദ് നാസർ എം.-നെ, ശ്രീ. പ്രകാശ് ഡി-യെ സ്ഥലം മാറ്റിയതിനെത്തുടർന്നുണ്ടായ ഒഴിവിൽ, വൈസ് ചാൻസിലറുടെ ഓഫീസിൽ നിയമിച്ചിരിക്കുന്നു. |
| 17. | പ്രൊ-വൈസ് ചാൻസിലറുടെ ഓഫീസിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീമതി. ചിത്ര ചന്ദ്രനെ, ശ്രീ. ഗോപകുമാർ സി-യ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ, Ad. AI സെക്ഷനിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു. |
| 18. | വൈസ് ചാൻസിലറുടെ ഓഫീസിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീ. പ്രമോദ് എസ്.-നെ, ശ്രീ. ജോസഫ് കെ.ജെ. ജോലി രാജിവച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ, Ad. AV സെക്ഷനിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു. |
| 19. | വൈസ് ചാൻസിലറുടെ ഓഫീസിലെ അസിസ്റ്റന്റ് ആയ ശ്രീ. രാമചന്ദ്രൻ എം.-നെ, ടി ഓഫീസിൽത്തന്നെ നില നിർത്തുന്നു. |
| 20. | പ്രൊ-വൈസ് ചാൻസിലറുടെ ഓഫീസിലെ അസിസ്റ്റന്റ് ആയ ശ്രീ. ജയ്മോൻ ഒ.എം.-നെ, ശ്രീ. പ്രമോദ് എസ്.-ന് പകരമായി വൈസ് ചാൻസിലറുടെ ഓഫീസിലെ അസിസ്റ്റന്റ് ആയി സ്ഥലം മാറ്റി നിയമിക്കുന്നു. |

ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ സെക്ഷൻ 3.10.(17) പ്രകാരം വൈസ് ചാൻസിലർ അനുവദിച്ചിരിക്കുന്നു.

ഡെപ്യൂട്ടി രജിസ്ട്രാർമാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക്, ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടേയും മറ്റു അനുബന്ധ രേഖകളുടേയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016 പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010-നോ അതിനുശേഷമോ സ്ഥാനക്കയറ്റം/സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമന ത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറു മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും. സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം, സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

വൈസ് ചാൻസിലറുടെ ഓഫീസിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് സൂചന (5) പ്രകാരം സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ് കുമാർ കെ.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ-I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം/ഫിനാൻസ് വിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമിക് വിഭാഗം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പബ്ലിക് റിലേഷൻസ് ഓഫീസർ / എസ്റ്റേറ്റ് ഓഫീസർ
7. പൂൾ ഓഫീസർ (ഭരണവിഭാഗം)
8. ഓഡിറ്റ് II/III /ഫിനാൻസ് I/II/ എഡി.എ. III/ എഡി.എ. IV/ എഡി.എ. VI/ എഡി.എ. VIII/ എ.ഡി.സി. I/II/III/ എഫ്.സി.സി/എഡി.ബി. IX/എക്സാം ഓഡിറ്റ് II
9. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂ.എ.സി.
10. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ് നമ്പർ: എഡി.എ1-2-200/2018 (സബ്ഫയൽ)

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം